LIBRARY ARCHIVES Kerala Legislative Assembly

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

288(5447) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ 17-9-2019-ന് ആരംഭിക്കുകയുമുണ്ടായി. കുഴൽക്കിണർ നിർമ്മാണം പൂർത്തിയായിട്ടുള്ളതും ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ.കെ.വി.വിജയകുമാരൻ എന്നയാൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ടൈബ്യൂണലിൽ Apl. 658/19, IA 1429/2019 നമ്പരായി ഫയൽ ചെയ്ത ഹർജികളിൽ ബിൽഡിംഗ് പെർമിറ്റ് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിർമ്മാണ-പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ടൈബ്യൂണലിന്റെ സ്റ്റേ നീക്കിക്കിട്ടുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ.

(നക്ഷത്രചിഹ്നമിടാത്ത 5166, 5170, 5176, 5179, 5213, 5215, 5220, 5226 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)